# കേരളസർവകലാശാല

നം.പി.ആർ.101/2021

## പത്രക്കുറിപ്പ്

### ഐ.എം.കെ. – സായാഹ്ന എം.ബി.എ. കോഴ്സ് – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ.) സായാഹ്ന എം.ബി.എ. (റെഗുലർ-സി.എസ്.എസ്.) കോഴ്സിന്റെ 2021–23 ബാച്ചിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 17 10 P.M. വരെ. വിശദവിവരങ്ങൾക്ക് www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പ്രോജക്ട്, ഇന്റേണൽ മാർക്ക് സമർപ്പിക്കേണ്ട തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബിരുദ കോഴ്സുകളുടേയും നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ കോഴ്സുകളുടേയും പ്രോജക്ട് അതതു കോഴ്സുകളുടെ പുതുക്കി നിശ്ചയിക്കുന്ന പരീക്ഷാത്തീയതി കഴിഞ്ഞ് പത്തു ദിവസത്തിനകമായി സമർപ്പിക്കേണ്ട വിധത്തിൽ പുനഃക്രമീകരിച്ചിരിക്കുന്നു.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ/ആറാം സെമസ്റ്റർ ബിരുദ കോഴ്സുകളുടേയും നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ കോഴ്സുകളുടേയും ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി അതതു കോഴ്സുകളുടെ തിയറി പരീക്ഷകൾ പുനഃക്രമീകരിച്ചതിനു ശേഷം അറിയിക്കുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ എം.ടെക്. കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിംഗ് (2018–2020), സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ എം.ഫിൽ. കെമിസ്ട്രി (2019–2020), സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
06.05.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**